**Regd/AD**

"ഭരണഭാഷ-മാതൃഭാഷ"

F4 24/12/24

**കേരള സർക്കാർ**

**ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്**

**ഗവ. ടി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ-5**

നമ്പർ: ഇ1/3920/2024/ജി.റ്റി.ഡി.എം.സി.എ. തീയതി: 17.12.2024

## നോട്ടീസ്

വിഷയം:ജി.റ്റി.ഡി.എം.സി.എ.-ജീവനക്കാര്യം- അനധികൃത ഹാജരില്ലായ്മ- ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് അറിയിപ്പ് നൽകുന്നത് - സംബന്ധിച്ച്

സൂചന:- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവിയുടെ 09.12.2024-ലെ കത്ത് നമ്പർ മെ.വി.വ./4060/2024-എഫ് 4.

ആലപ്പുഴ ഗവ. റ്റി.ഡി. മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. ലോറൻസ് അലോഷ്യസ് എന്ന താങ്കളുടെ അനധികൃത ഹാജരില്ലായ്മ സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലും താങ്കൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ച സാഹചര്യത്തിലും താങ്കളുടെ രാജി അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല എന്ന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവി സൂചന കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. ആയതിനാൽ ഈ നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനകം തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. നിശ്ചിത തീയതിക്കകം തിരികെ ജോലിയിൽ പ്രവേശിക്കാത്ത പക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ തന്നെ താങ്കളെ സേവനത്തിൽ നിന്നും പിരിച്ചുവിടുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സൂചന പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുള്ള വിവരം അറിയിക്കുന്നു.

പ്രിൻസിപ്പാൾ

സ്വീകർത്താവ്:- ഡോ. ലോറൻസ് അലോഷ്യസ്, കാരുണ്യ, നിള ഗാർഡൻസ്, പുതുശ്ശേരി റോഡ്, ചെറുതുരുത്തി പോസ്റ്റ്, തൃശ്ശൂർ - 679531.

പകർപ്പ്:-

1. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മേധാവി, തിരുവനന്തപുരം.
2. വകുപ്പ് മേധാവി, അനസ്തേഷ്യോളജി
3. കരുതൽ ഫയൽ.

Sl/17.12.24

ഭരണ ഭാഷ

മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

ഫാക്സ് : 0471-2443080

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ**
**കാര്യാലയം**

**നമ്പർ. മെ.വി.വ. /4060(1)/2024-എഫ്4** **തീയതി: 02-02-2025**

**അനുബന്ധം എച്ച് 4**

**നോട്ടീസ്**

ആലപ്പുഴ സർക്കാർ റ്റി. ഡി. മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ അയ ഡോ. ലോറൻസ് അലോഷ്യസ് എന്ന താങ്കൾ **07.02.2024** മുതൽ **07.05.2024** വരെ ശൂന്യവേതനാവധിയ്ക്ക് അപേക്ഷിയ്ക്കുകയും ആയത് അനുവദിയ്ക്കുകയും ചെയ്തിരുന്നു എന്നും എന്നാൽ **08.05.2024** ന് തിരികെ ജോലിയിൽ പ്രവേശിയ്ക്കുകയോ അവധി അപേക്ഷ സമർപ്പിയ്ക്കുകയോ ചെയ്തിട്ടില്ല എന്നും പ്രിൻസിപ്പാൾ അറിയിച്ചിരുന്നു. ജോലിയിൽ തിരികെ പ്രവേശിയ്ക്കണമെന്നറിയിച്ച് പ്രിൻസിപ്പൽ തലത്തിൽ കത്ത് നൽകിയിരുന്നു എങ്കിലും താങ്കൾ ജോലിയിൽ തിരികെ പ്രവേശിച്ചിരുന്നില്ല. **07.05.2024** തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും രാജി വയ്ക്കുന്നതിലേയ്ക്ക് താങ്കൾ ഇ- മെയിൽ മുഖാന്തിരം സമർപ്പിച്ച അപേക്ഷ നിരസിച്ച് 7 ദിവസത്തിനകം ജോലിയിൽ തിരികെ പ്രവേശിയ്ക്കണമെന്നു അറിയിച്ച് **17.12.2024** ൽ പ്രിൻസിപ്പൽ തലത്തിൽ നോട്ടീസ് നൽകിയിരുന്നു. ആയതിൽ സേവന നിരീഷണകാലയളവിൽ **08.05.2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്ന താങ്കളെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II റൂൾസ് 19(എ) പ്രകാരം സേവന നിരീക്ഷണം അവസാനിപ്പിച്ച് സർവിസിൽ നിന്നും പിരിച്ചു വിടുന്നതിനും സർക്കാരിലേയ്ക്കുള്ള ബാധ്യതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനും തീരുമാനിച്ചതായി അറിയിക്കുകയും പ്രസ്തുത തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ ആയിട്ടും താങ്കൾ കാരണം ബോധിപ്പിക്കുകയോ ജോലിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം താങ്കൾക്ക് എതിരായ നോട്ടീസിന് തൃപ്തികരമായ മറുപടി ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല

എന്ന നിഗമനത്തിൽ സേവനനിരീക്ഷണത്തിലുള്ള താങ്കളെ ആയത് അവസാനിപ്പിച്ച് സർവിസിൽ നിന്നും പിരിച്ചു വിടുന്നതിനുള്ള അന്തിമ നടപടികൾ സ്വികരിക്കുന്നതാണ്.

Signed by
Thomas Mathew
Date: 02-02-2025 20:19:29

**THOMAS MATHEW**

**DIRECTOR**

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : **dir.dme@kerala.gov.in,**

**dmekerala@gmail.com**

ഫാക്സ് : **0471-2443080**

ഫോൺ: (ഓഫീസ് ) : **0471-2528575**

ഡയറക്ടർ: **0471-2444011**

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–**695011**

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

**നമ്പർ.മെ.വി.വ. /4060(2)/2024-എഫ്4** **തീയതി: 02-02-2025**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

വിൻഡോ നമ്പർ ഐ പി ആർ ഡി ....................................

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്
കേരളം, തിരുവനന്തപുരം

**08.05.2024** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്ത ആലപ്പുഴ സർക്കാർ റ്റി ഡി മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. ലോറൻസ് അലോഷ്യസ്- ന് എതിരായ അച്ചടക്ക നടപടി. പ്രതിവാദ പത്രിക ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച് **15** ദിവസത്തിനകം ലഭിക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്ക് **www.dme.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

Signed by
Thomas Mathew
Date: 02-02-2025 20:17:59

**THOMAS MATHE**
**DIRECTO**

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,

dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575

ഡയറക്ടർ: 0471-2444011

മെഡിക്കൽകോളേജ്. പി.ഒ,

തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

**നമ്പർ. മെ.വി.വ. /4060(3)/2024-എഫ്4** **തീയതി: 02-02-2025**

സ്വീകർത്താവ്,

ഡയറക്ടർ
പബ്ലിക് റിലേഷൻസ് വിഭാഗം
ഗവ. സെക്രട്ടറിയേറ്റ്
തിരുവനന്തപുരം

സർ/മാഡം,

വിഷയം: മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം-ഡോ.ലോറൻസ് അലോഷ്യസ്, അസിസ്റ്റന്റ് പ്രൊഫസർ, അനസ്തേഷ്യ വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, ആലപ്പുഴ -അച്ചടക്ക നടപടി- നോട്ടീസ് -അനുബന്ധം എച്ച്4, അനുബന്ധം എച്ച് 5 മാതൃകയിൽ നോട്ടീസ് പ്രസിദ്ധീകരിക്കാൻ നടപടി- സംബന്ധിച്ച്

സൂചന : 1. 17.12.2024 ലെ ആലപ്പുഴ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ നോട്ടീസ്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയ ഡോ. ലോറൻസ് അലോഷ്യസ് നിരീക്ഷണ സേവനകാലയളവിൽ 08.05.2024 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ ടിയാൾക്ക് എതിരായ നോട്ടീസ് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് അനുബന്ധം എച്ച്4, അനുബന്ധം എച്ച് 5 മാതൃകയിൽ ഇതോടൊപ്പം അയയ്ക്കുന്നു. ഉചിത മേൽ നടപടി സ്വീകരിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കണമെന്ന് അഭ്യർത്ഥിയ്ക്കുന്നു.

വിശ്വസ്തതയോടെ,

Signed by
Thomas Mathew
Date: 02-02-2025 20:16:50

**THOMAS MATHEW**
**DIRECTOR**

ഉള്ളടക്കം: മേൽ പറഞ്ഞവ